LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഡി.സി.

64 (1425) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏജൻസിയായ കെ.എസ്.എഫ്.ഡി.സി.-യെ തഴഞ്ഞ് വനിതാ ശിശു വികസന വകുപ്പ്, തൊഴിൽ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളിലെ പരസ്യചിത്ര നിർമ്മാണം പി.ആർ.ഡി.-യിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.എഫ്.ഡി.സി.-യിൽ സംസ്ഥാന, ദേശീയ,അന്തർ ദേശീയ അവാർഡുകൾ വരെ നേടിയ പ്രഗത്ഭരായ സംവിധായകർ ഉള്ളപ്പോൾ സ്വകാര്യ ഏജൻസികളിലെ സംവിധായകർ ആരെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്വകാര്യ സ്ഥാപനങ്ങളുടെ പിന്നിൽ പി.ആർ.ഡി.-യിലെ ചില ഉദ്യോഗസ്ഥരാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) കോവിഡ് ലോക് ഡൗണിൽ സർക്കാർ ഏജൻസികളിലെ പ്രഗത്ഭരായ സംവിധായകർ ദാരിദ്ര്യം അനുഭവിച്ചപ്പോൾ, സ്വകാര്യ ഏജൻസികൾക്ക് സർക്കാരിന്റെ പരസ്യങ്ങൾ ചെയ്യാനുള്ള അനുവാദം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ?

2-11-2020-ലെ സ.ഉ. (എം.എസ്.) നമ്പർ 6/2020/ഐ&പി.ആർ.ഡി. പ്രകാരം എംപാനൽ ചെയ്തിട്ടുള്ള പരസ്യ ഏജൻസികളെയാണ് പരസ്യ ചിത്രങ്ങൾ നിർമ്മിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

കോവിഡ് മരണം സംഭവിച്ച പ്രവാസികളുടെ കുടുംബങ്ങൾക്ക് സഹായം

65 (1427) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 രോഗബാധയെ തുടർന്ന് വിദേശത്ത് ജോലി ചെയ്യുന്ന എത്ര കേരളീയർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; ഇതുസംബന്ധിച്ച കണക്ക് ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

കോവിഡ്മൂലം വിദേശത്ത് മരണപ്പെട്ട പ്രവാസികളുടെ വിവരങ്ങൾ ജില്ലാ കളക്ടർമാർ മുഖേന ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിദേശ രാജ്യങ്ങളിൽവെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് സാന്ത്വന പദ്ധതിപ്രകാരം ഒരു ലക്ഷം രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നു. കോവിഡ് മൂലം വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്കും സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനസഹായം ലഭ്യമാക്കുന്നതാണ്. കോവിഡ്മൂലം നാട്ടിലും വിദേശത്തും മരിച്ച പ്രവാസികളുടെയും തിരികെയെത്തിയ കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെയും അവിവാഹിതരായ പെൺകുട്ടികൾക്ക് 25,000 രൂപയുടെ ഒറ്റത്തവണ ധനസഹായം പ്രമുഖ പ്രവാസി വ്യവസായി ഡോ. രവി പിള്ളയുടെ RP ഫൗണ്ടേഷൻ വഴി വിതരണം ചെയ്യുന്ന 'പ്രവാസി തണൽ പദ്ധതി' നോർക്ക മുഖേന നടപ്പിലാക്കുന്നു. കൂടാതെ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ള ഒരംഗം (പ്രവാസി കേരളീയൻ (വിദേശം)-1 എ കാറ്റഗറി) അംഗത്വ കാലയളവിൽ മരണപ്പെട്ടാൽ, ആശ്രിതർക്ക് 50,000 രൂപ ധനസഹായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്.

(സി) ഇല്ലെങ്കിൽ ഇവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് കേന്ദ്രസർക്കാർ മുഖേന തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

മേൽപ്പറഞ്ഞതരത്തിലുള്ള സഹായം സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കായുള്ള സഹായ പദ്ധതികളിൽ പ്രവാസികൾക്ക് മുൻഗണന നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

കോവിഡ് പ്രതിസന്ധി കാരണം മടങ്ങിയെത്തിയ പ്രവാസികൾ

66 (1428) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 പ്രതിസന്ധി കാരണം ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിൽനിന്നും മടങ്ങിയെത്തിയ പ്രവാസി മലയാളികളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

കോവിഡ് ജാഗ്രത പോർട്ടലിലെ വിവരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് പ്രതിസന്ധിമൂലം 22-7-2021 വരെ 15,56,715 പേർ തിരികെയെത്തി.